DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

12-10-2018

# കാർഷികമേഖലാവാർത്തകൾ

## അറിയിപ്പ്

റാന്നി - പഴവങ്ങാടി ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതി 2018-19 പ്രകാരം കാർഷിക മേഖലയിലെ വിവിധ പദ്ധതികൾക്ക് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കർഷകർ ഈ മാസം 20 നകം കരം തീർത്ത രസീത്, ആധാർ, ബാങ്ക് പാസ്സ്ബുക്ക് എന്നിവയുടെ പകർപ്പുമായി കൃഷി ഭവനിൽ അപേക്ഷകൾ നല്കണമെന്ന് കൃഷി ഓഫീസർ അറിയിക്കുന്നു.

## കൂൺ കൃഷി പരിശീലന പരിപാടി

വെള്ളായണി കാർഷികകോളേജ് ഇൻഷ്ട്രക്ഷണൽ ഫാമിൽ ഇന്ന് കൂൺ കൃഷി പരിശീലന പരിപാടി നടത്തുന്നു. താൽപര്യമുള്ളവർ ഇന്ന് രാവിലെ 10 മണിക്കു വെള്ളായണി കാർഷികകോളേജ് ഇൻഷ്ട്രക്ഷണൽ ഫാം ഓഫീസ്സിൽ എത്തേണ്ടതാണെന്ന് പ്രൊഫസ്സർ&ഹെഡ് അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9446175827 എന്ന നമ്പരിൽ ബന്ധപ്പെടുക.

## ക്ഷീരസംഘം ലാബ് അസിസ്റ്റന്റുമാർക്കുള്ള പരിശീലനം

ഓച്ചിറ ക്ഷീരോൽപ്പന്ന പരിശീലന വികസന കേന്ദ്രത്തിൽ വെച്ച് ഈ മാസം 15 മുതൽ 17 വരെ 3 ദിവസങ്ങളിലായി ക്ഷീരസഹകരണ സംഘം ലാബ് അസിസ്റ്റന്റുമാർക്കുള്ള പരിശീലനം നൽകുന്നതാണ്. രജിസ്ട്രേഷൻ

ഫീസ് 15 രൂപ. 0476-2698550 എന്ന ടെലഫോൺ നമ്പരിൽ നേരിട്ട് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്തവർ 15-ാം തീയതി രാവിലെ 10 മണിക്ക് പരിശീലന കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്.

## കൂൺ കൃഷിയിൽ പരിശീലനം

പത്തനംതിട്ട ജില്ലാ ഐ.സി.എ.ആർ- കൃഷി വിജ്ഞാനകേന്ദ്രം, കാർഡിൽ വച്ച് കൂൺകൃഷി എന്ന വിഷയത്തിൽ തൊഴിലധിഷ്ഠിത പരിശീലനം ഒക്ടോബർ 15 മുതൽ 18 വരെ രാവിലെ 10 മണിമുതൽ നടത്തപ്പെടുന്നതാണ്. പങ്കെടുക്കുന്നതിന് താൽപര്യമുള്ളവർ ഇന്ന് തന്നെ സീനിയർ സയന്റിസ്റ്റ് ആന്റ് ഹെഡ്, ഐസിഎആർ- കൃഷി വിജ്ഞാന കേന്ദ്രം, കാർഡ്, കോളഭാഗം പി.ഒ. തടിയൂർ, തിരുവല്ല - 689545 എന്ന വിലാസത്തിലോ 8078572094 എന്ന ഫോൺ നമ്പരിലോ  വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## സ്റ്റൈപ്പൻഡറി പരിശീലനം

കേരള കാർഷിക സർവകലാശാല മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ നടത്തുന്ന കാർഷിക യന്ത്ര പരിരക്ഷണ പരിശീലനത്തിലേക്ക് അപേക്ഷ ക്ഷണിച്ചു. പതിനൊന്നു മാസത്തെ പരിശീലനത്തിനു തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 8000 രൂപ സ്റ്റൈപ്പൻഡ് ലഭിക്കും. എല്ലാ ജില്ലകളിൽ നിന്നുമായി 28 പേരെയാണ് തെരെഞ്ഞെടുക്കുക. ഓട്ടോമൊബൈൽ എഞ്ചീനീയറിംഗ്, അഗ്രികൾച്ചറൽ മെഷിനറി മെക്കാനിക്ക്, ട്രാക്ടർ മെക്കാനിക്ക്, ഫാം പവർ മെഷിനറി, ഡീസൽ മെക്കാനിക്ക് തുടങ്ങിയ വിഷയങ്ങളിൽ രണ്ട് വർഷത്തെ ഐ.റ്റി.ഐ/വി.എച്ച്.എസ്.സി കോഴ്സുകൾ പാസായവർക്ക്

അപേക്ഷിക്കാം. പ്രായപരിധി 35 വയസ്സ്. ഫോട്ടോ പതിച്ച് പേരും മേൽവിലാസവും യോഗ്യതയും മൊബൈൽ നമ്പരും രേഖപ്പെടുത്തിയ അപേക്ഷകൾ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾക്കൊപ്പം ഒക്ടോബർ 20-ന് മുൻപ് പ്രൊഫസർ ആൻഡ് ഹെഡ്, കാർഷിക ഗവേഷണകേന്ദ്രം, മണ്ണുത്തി 680651 എന്ന വിലാസത്തിൽ ലഭ്യമാക്കണം. കൂടുതൽ വിവരങ്ങൾക്ക് 8330870726 എന്ന നമ്പരിൽ ബന്ധപ്പെടുക.

## പരിശീലനം

മണ്ണൂത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ ഈ മാസം 16, 17 തീയതികളിൽ ശുദ്ധജല മത്സ്യകൃഷി, 24,25,26 തീയതികളിൽ ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ് എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. ശുദ്ധജല മത്സ്യകൃഷി പരിശീലനത്തിന് 1000 രൂപയും, ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ് പരിശീലനത്തിന് 1500 രൂപയുമാണ് പരിശീലനഫീസ്. കൂടുതൽ വിവരങ്ങൾക്ക് 0487-2370773, 9605612478 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലനം

കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് കർഷകർക്കായി പരിശീലന പരിപാടി നടത്തുന്നു. ഈ മാസം 15,16 തീയതികളിൽ ആടുവളർത്തലിൽ പരിശീലനം നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2732918 എന്ന നമ്പരിൽ ബന്ധപ്പെടുക.